
# ജി എൽ പി സ്കൂൾ , ആലപാട്



# 2025 - 26

# അക്കാദമിക് മാസ്റ്റർ പ്ലാൻ



## ഉള്ളടക്കം

ആമുഖം

സ്കൂൾ ചരിത്രം

നിലവിലെ അവസ്ഥ

വിദ്യാലയം മികവിന്റെ കേന്ദ്രം -

കാഴ്ചപ്പാടിലൂടെ

അവസ്ഥാ വിശകലനം

പൊതുലക്ഷ്യങ്ങൾ

മാസ്റ്റർ പ്ലാൻ

## PROFILE

| | | |
|---|---|---|
| NAME OF SCHOOL | : | GLPS ALAPAD |
| SCHOOL CODE | : | 22201 |
| PHONE NO. | : | 0487-2273209 |
| EMAIL | : | glpsalapad@gmail.com |
| AEO | : | CHERPU |
| BLOCK | : | ANTHIKAD |
| PANCHAYATH | : | CHAZOOR |
| VILLAGE | : | ALAPAD |
| POST OFFICE | : | ALAPAD |

# ആമുഖം

അനുദിനം മാറിക്കൊണ്ടിരിക്കുന്ന ലോകക്രമത്തിൽ സക്രിയമായി ഇടപെട്ട് ജീവിക്കാൻ ആവശ്യമായ ശേഷികളും ധാരണകളും മനോഭാവങ്ങളും രൂപീകരിച്ച്, സമൂഹത്തെ മുന്നോട്ടു നയിക്കാൻ വ്യക്തികളെ പ്രാപ്തരാക്കുക എന്നതാണല്ലോ വിദ്യാഭ്യാസത്തിന്റെ ആത്യന്തിക ലക്ഷ്യം. വ്യക്തികളുടെ വികസനത്തിലൂടെ സാമൂഹിക പുരോഗതിയാണ് നാം ലക്ഷ്യം വയ്ക്കുന്നത്. വികസനോന്മുഖമായ ഒരു സമൂഹ നിർമ്മിതിക്ക് ഉതകുന്ന വിധത്തിൽ വിദ്യാഭ്യാസ പ്രക്രിയയെ രൂപകൽപ്പന ചെയ്യേണ്ടതുണ്ട്. മികച്ചതും സുസ്ഥിരവുമായ ഭാവി കൈവരിക്കുന്ന അതിനായി 2015 യുഎൻ സുസ്ഥിരവികസനത്തിന്റെ 17 സൂചികകൾ സൂചിപ്പിക്കുകയും അവ നിർവചിക്കുകയും ചെയ്തു. ദാരിദ്ര്യം ഇല്ലായ്മ, വിശപ്പുരഹിതം, നല്ല ആരോഗ്യവും ക്ഷേമവും, ഗുണനിലവാരമുള്ള വിദ്യാഭ്യാസം, ലിംഗ സമത്വം തുടങ്ങി 17 സൂചികകളിൽ നാലാമതായി പറഞ്ഞിരിക്കുന്ന ഗുണനിലവാരമുള്ള വിദ്യാഭ്യാസം എന്നത് മറ്റെല്ലാത്തിന്റെയും അടിസ്ഥാനമായി വർത്തിക്കുന്നു.ഗുണനിലവാരം ഉള്ള വിദ്യാഭ്യാസം എന്ന സൂചകത്തിന് 10 ലക്ഷ്യങ്ങൾ നിർവചിച്ചിട്ടുണ്ട്. എല്ലാവരെയും ഉൾക്കൊള്ളുന്നതും തുല്യതയുള്ളതുമായ വിദ്യാഭ്യാസം ഉറപ്പാക്കുകയും എല്ലാവർക്കും ആജീവനാന്ത പഠനാ അവസരങ്ങൾ പ്രോത്സാഹിപ്പിക്കുകയും ചെയ്യുക എന്നതാണ് ഇതിന്റെ ദൗത്യം.

കേരളം മറ്റുപല രംഗങ്ങളിലും എന്നപോലെ വിദ്യാഭ്യാസരംഗത്തും ഏറെ നേട്ടങ്ങൾ കൈവരിച്ചിട്ടുണ്ട്. വിവിധ സർക്കാരുകളുടെ വികസനാത്മകമായ ഇടപെടലുകളും പ്രബുദ്ധരായ സമൂഹത്തിന്റെ സഹകരണവും സഹായങ്ങളും വിദ്യാഭ്യാസ വകുപ്പിന്റെ നേതൃത്വപരമായ പങ്കും ഇവിടെ നടപ്പാക്കിയ വിവിധ പ്രോജക്ടുകളും ഈ പുരോഗതിക്ക് കാരണമായിട്ടുണ്ട്. അതിലെല്ലാം ഉപരി അധ്യാപക സമൂഹത്തിന്റെ അക്ഷീണപ്രയത്നം ഇതിന് ഉത്തേജകമായിട്ടുണ്ട്. സംസ്ഥാനത്ത് നടപ്പിലാക്കിയ പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം വിദ്യാഭ്യാസ രംഗത്ത് അഭൂത പൂർവ്വമായ ഉണർവ്വ സൃഷ്ടിച്ചു. ഇതിന്റെ ഭാഗമായി വിദ്യാലയങ്ങൾ ഭൗതികരംഗത്തും അക്കാദമിക രംഗത്തും ഏറെ നേട്ടങ്ങൾ കൈവരിച്ചു. പൊതുവിദ്യാലയങ്ങളിലേക്ക് മുൻകാലങ്ങളിൽ ഇല്ലാത്ത വിധം ലക്ഷക്കണക്കിന് കുട്ടികൾ പുതിയതായി വന്നുചേർന്നു. സമൂഹത്തിനെ പൊതുവിദ്യാലയങ്ങളിലുള്ള വിശ്വാസം വർദ്ധിച്ചതിന്റെ വ്യക്തമായ സൂചനയാണിത്. പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി അക്കാദമിക രംഗം കൂടുതൽ ശക്തമാക്കുന്നതിനായി എല്ലാ വിദ്യാലയങ്ങളിലും അക്കാദമിക മാസ്റ്റർ പ്ലാനുകൾ തയ്യാറാക്കി. പല വിദ്യാലയങ്ങളും മാസ്റ്റർ പ്ലാനുകൾക്ക് അനുസരിച്ച് മികച്ച പ്രവർത്തനങ്ങൾ ഏറ്റെടുത്തു നടത്തി നല്ല മാതൃകകൾ സൃഷ്ടിച്ചിട്ടുണ്ട്. നവകേരള സൃഷ്ടിക്ക് തയ്യാറെടുക്കുന്ന നമ്മുടെ സംസ്ഥാനത്തിന് ഇത്തരം നേട്ടങ്ങൾ നാഴിക കല്ലുകൾ ആണ്.ദേശീയ അന്തർദേശീയ തലങ്ങളിൽ നടന്ന വിവിധ പഠനങ്ങളിൽ കേരളം

വിദ്യാഭ്യാസത്തിൽ ഏറെ മുന്നിലാണെന്ന് സൂചിപ്പിച്ചിട്ടുണ്ട്. സുസ്ഥിരവികസന സൂചികകളിൽ മേൽ കൈ നേടുവാൻ നമ്മെ സഹായിച്ചത് പൊതു വിദ്യാഭ്യാസ രംഗത്തെ മുന്നേറ്റം കൂടിയാണ്.ലോകത്തിനാകമാനം കേരളം മാതൃകയാണെന്നത് അഭിമാനം കൊള്ളുമ്പോൾ വിദ്യാഭ്യാസരംഗത്ത് നാം കൈവരിച്ച നേട്ടങ്ങൾ ഓരോ വിദ്യാർത്ഥിക്കും ദേശ, ഭാഷ,വർഗ്ഗ,വർണ്ണ, ലിംഗ ഭേദമന്യേ ലഭ്യമാക്കുക എന്ന ലക്ഷ്യം കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ടോ എന്ന് ചിന്തിക്കേണ്ടതുണ്ട്.വിദ്യാഭ്യാസ അവകാശ നിയമത്തിൽ പരമാർശിക്കുന്ന വിദ്യാർത്ഥിയുടെ അവകാശമായ ഗുണമേന്മയുള്ള വിദ്യാഭ്യാസം എല്ലാവർക്കും എന്ന ലക്ഷ്യം ഇനിയും പ്രാപ്യമാവേണ്ടതുണ്ട്. മേൽപ്പറഞ്ഞ ലക്ഷ്യം നിറവേറ്റുന്നതിന് നമ്മുടെ വിദ്യാലയങ്ങളെ സമൂലമായി മാറ്റിയെടുക്കേണ്ടതുണ്ട്. അതിനായി വിദ്യാലയ സമൂഹവും അധ്യാപകരും വിദ്യാഭ്യാസ സംവിധാനങ്ങളും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും കൂട്ടായി യത്നിക്കണം. നമ്മുടെ വിദ്യാലയങ്ങളെ മികവിന്റെ കേന്ദ്രങ്ങൾ ആക്കി മാറ്റാനുള്ള ശ്രമത്തിന്റെ ഭാഗമാണ് അക്കാദമിക മാസ്റ്റർ പ്ലാൻ. പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി മുൻവർഷങ്ങളിൽ വിദ്യാലയങ്ങൾ തയ്യാറാക്കിയ അക്കാദമിക മാസ്റ്റർ പ്ലാനുകൾ വേണ്ടത്ര ഫലപ്രദമായി നടപ്പാക്കാൻ പ്രളയം മഹാമാരി തുടങ്ങിയ കാരണങ്ങളാൽ നമുക്ക് കഴിയാതെ വന്നിട്ടുണ്ട്. അനുസ്യൂതം മാറിക്കൊണ്ടിരിക്കുന്ന ലോകക്രമത്തിൽ കാലാനുസൃതമായ മാറ്റങ്ങളുടെ അക്കാദമിക മാസ്റ്റർ പ്ലാൻ പുനർ നിർമ്മിക്കേണ്ടതുണ്ട്. കേരളത്തിലെ ഓരോ വിദ്യാർത്ഥിക്കും തുല്യതയോടെ അതാത് തലങ്ങളിലുള്ള പഠന നേട്ടങ്ങൾ ആധുനിക സങ്കേതങ്ങളെ പരമാവധി പ്രയോജനപ്പെടുത്തി ആസ്വാദ്യകരമായി ലഭ്യമാക്കാൻ ഉതകുന്ന രീതിയിൽ ഓരോ വിദ്യാലയത്തിലും നല്ല പഠനാന്തരീക്ഷവും മികച്ച പഠന രീതികളും സംജാതമാകുന്ന രീതിയിലുള്ള ഒരു അക്കാദമിക മാസ്റ്റർ പ്ലാൻ ആണ് ഞങ്ങൾ ഇവിടെ വിഭാവനം ചെയ്യുന്നത്.

# സ്കൂൾ ചരിത്രം

കായലുകളാലും നിണ്ട പാടശേഖരങ്ങളാലും ചിറ്റപ്പെട്ടു കിടക്കുന്ന പ്രകൃതിരമണിയമായ ഒരു ഭൂപ്രദേശമാണ് ആലപ്പാട് ഗ്രാമം കേരളത്തിന്റെ സാംസ്കാരിക തലസ്ഥാനമായ തൃശ്ശൂർ ജില്ലയിലെ ചാഴൂർ ഗ്രാമപഞ്ചായത്തിലെ ആലപ്പാട് ഗ്രാമത്തിലാണ് വിദ്യാലയം സ്ഥിതി ചെയ്യുന്നത്. 1882 ആലപ്പാട് ഒരു പള്ളി പണിയുകയുണ്ടായി പള്ളിയുടെ തെക്കുപടിഞ്ഞാറ് ഭാഗത്തായി ഒരു ഓല ഷെഡ് പണിയുകയും കുടിപ്പള്ളിക്കൂടം ആരംഭിക്കുകയും ചെയ്തു. നാനാ ജാതി മതസ്ഥരുടെ അകമഴിഞ്ഞ സഹായം ഇതിന് ഉണ്ടായിരുന്നു. ഒന്ന് രണ്ട് ക്ലാസുകളിൽ ആയിരുന്നു ആദ്യകാല പഠനം. 1918ൽ ശ്രീനാരായണഗുരു ആലപ്പാട് കൊടപ്പള്ളി അമ്പലത്തിൽ ദർശനം നടത്തുകയും ഗ്രാമത്തിൽ ശ്രീനാരായണ സമാജം രൂപികരിക്കുകയും ചെയ്തു പള്ളിയോടനുബന്ധിച്ച് പ്രവർത്തിച്ചിരുന്ന വിദ്യാലയത്തിൽ സൗകര്യക്കുറവ് അനുഭവപ്പെട്ടതിനെ തുടർന്ന് ശ്രീനാരായണ സമാജവും പള്ളിയിലെ വിദ്യാലയം നടത്തിപ്പുകാരും പ്രബുദ്ധരായ നാട്ടുകാരും ചേർന്ന് ഇപ്പോഴുള്ള സ്ഥലത്തേക്ക് കെട്ടിടം മാറ്റി സ്ഥാപിക്കുകയും ചെയ്തു 1918ൽ ശ്രീ കുടപ്പുള്ളി കേളുക്കുട്ടിയാണ് ഈ സ്ഥലം വിട്ടുതന്നത് ഇതോടെ നാലുവരെയുള്ള ക്ലാസുകളിൽ പഠനം ആരംഭിച്ചു. ചരിത്രപരമായി ഈ ഗ്രാമം തിരുവിതാംകൂർ രാജാവിന്റെ അതിർത്തിയിൽ പെട്ടതായിരുന്നു. യാത്ര സൗകര്യങ്ങൾ കുറവായ കാലത്ത് പരിസരത്തെ ഗ്രാമങ്ങളിൽ നിന്നുപോലും വിദ്യാഭ്യാസിക്കാൻ കുട്ടികൾ കാൽനടയായി എത്തിയിരുന്നു. സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന വീടുകളിലെ കുട്ടികളായിരുന്നു ഭൂരിഭാഗവും ഇവിടെ പഠിച്ചിരുന്നത്. സവർണർക്കും മാത്രം വിദ്യാഭ്യാസത്തിന് അവകാശം ഉണ്ടായിരുന്ന അക്കാലത്ത് സമൂഹത്തിലെ നാനാ ജാതിക്കാർക്കും സ്കൂളിൽ പോയി വിദ്യാഭ്യാസിക്കാനുള്ള അവസരം ഉണ്ടാക്കുക എന്ന ലക്ഷ്യത്തോടെയാണ് ഈ വിദ്യാലയത്തിന്റെ ആരംഭം എന്നത് തർക്കമറ്റ സംഗതിയാണ്. ഡോക്ടർ കെ കെ ഗംഗാധരൻ രാമു കാര്യാട്ട് ശേഖരൻ ആലപ്പാട്ട് എൻജി പ്രഭാകരൻ എന്നിവർ അവരിൽ ചിലർ മാത്രം

## നിലവിലുള്ള അവസ്ഥ

സാമൂഹികമായ പങ്കാളിത്തം കൊണ്ട് സമ്പുഷ്ടമായ ഒട്ടേറെ വിദ്യാലയ പ്രവർത്തനങ്ങൾ നടത്താൻ കഴിഞ്ഞിട്ടുണ്ട് വിദ്യാലയത്തിന്റെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുന്നതിന് വിവിധ ഏജൻസികൾ ശ്രമിച്ചിട്ടുണ്ട് നിലവിൽ എൽകെജി മുതൽ നാലാം ക്ലാസ് വരെ270 ഓളം കുട്ടികൾ ഇവിടെ പഠിച്ചു വരുന്നു ഇപ്പോൾ സ്ഥിരം 9 അധ്യാപകർ രണ്ട് പ്രീ പ്രൈമറി അധ്യാപകർ രണ്ട് ആയമാർ ഒരു PTCM ഒരു പാചക തൊഴിലാളി എന്നിവർ ഇവിടെ ജോലി ചെയ്യുന്നു നിലവിൽ 12 ക്ലാസ് മുറികളും ഒരു കമ്പ്യൂട്ടർ ലാബും ഡൈനിങ് ഹാളും ആവശ്യത്തിനുള്ള ടോയ്ലറ്റുകളും അടുക്കളയും ലൈബ്രറിയും ശതാബ്ദി മന്ദിരവും നമുക്കുണ്ട്. 12ക്ലാസ് മുറികളിൽ 6 ക്ലാസ് മുറികൾ ഹൈടെക് ആണ്.സ്റ്റാർസ് പദ്ധതിയുടെ ഭാഗമായി പ്രീ പ്രൈമറി ചിത്രശലഭങ്ങൾ എന്ന പേരിൽ കുട്ടികളുടെ മാനസികവും ശാരീരികവുമായ വികസനത്തിന് വേണ്ടി ടാലന്റ് ലാബും ബാൻഡ് സെറ്റും ഇവിടെ പ്രവർത്തിച്ചുവരുന്നു പഞ്ചായത്ത് പഴയ കെട്ടിടം പുതുക്കി പണി തന്നു ജനകീയ കൂട്ടായ്മയിലൂടെ വിദ്യാലയത്തിന് ആവശ്യമായ ബൗദ്ധിക സാഹചര്യങ്ങൾ ഒരുക്കുന്നതിന് ഒരു പരിധി വരെ സാധിച്ചിട്ടുണ്ട്

## അക്കാദമിക നേട്ടങ്ങൾ

ചേർപ്പ് വിദ്യാഭ്യാസ ഉപജില്ലയിൽ ഏറ്റവും കൂടുതൽ വിദ്യാർത്ഥികൾ ചേരുന്ന ഗവൺമെന്റ് വിദ്യാലയം നമ്മുടെ സ്കൂൾ ആണ്. വർഷങ്ങളായി ഇത് നിലനിർത്തി പോരുന്നു. 2024-25 അധ്യയന വർഷത്തിൽ നമ്മുടെ സ്കൂളിലെ 4 കുട്ടികൾക്ക് എൽ എസ് എസ് ലഭിച്ചു. അൻവിത അജിത്, ശ്രിയ.കെ.എസ്., അനാഗി.ഇ.ബി, വിനായക്. കെ.എസ് എന്നിവരാണ് ആ മിടുക്കർ. ഉപജില്ലാ ശാസ്ത്രമേളയിൽ GLPS ആലപ്പാടിലെ വിദ്യാർത്ഥികൾ മികച്ച പ്രകടനമാണ് കാഴ്ചവെച്ചത്. ഫസ്റ്റ് A ഗ്രേഡ് ഉൾപ്പെടെ നിരവധി A ഗ്രേഡുകൾ നേടിക്കൊണ്ട് ഉപജില്ലയിൽ സെക്കന്റ് ഓവറോൾ കിരീടം നേടാൻ സാധിച്ചു. കലാമേളയിൽ മികച്ച ഗ്രേഡുകൾ നേടിക്കൊണ്ട് ഉപജില്ലയിലെ സർക്കാർ വിദ്യാലയങ്ങളിൽ രണ്ടാം സ്ഥാനം നേടാൻ കഴിഞ്ഞതും അഭിനന്ദാർഹമാണ്. എല്ലാ ക്ലാസിലും കുട്ടികൾക്ക് വായിക്കാൻ ആവശ്യമുള്ള പുസ്തകങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള ലൈബ്രറി നമുക്കുണ്ട്. എല്ലാ മാസവും ക്ലാസ്സ് പി.ടി.എ. ചേർന്ന കുട്ടികളുടെ പഠനനിലവാരം വിലയിരുത്തുന്നുണ്ട്.

# പരിമിതികൾ

കലാകായിക പ്രവർത്തിപരിചി വിദ്യാഭ്യാസത്തിന് ആവശ്യമായ സ്ഥലസൗകര്യങ്ങളുടെ അപര്യാപ്തതയും അധ്യാപകരുടെ അപര്യാപ്തതയുംഞങ്ങളുടെ കുട്ടികളുടെ കായിക പ്രവർത്തനങ്ങളിൽ തടസ്സം നിൽക്കുന്ന പ്രധാന കാരണങ്ങളാണ്. കലാപരമായും കായികമായും മികവ് പുലർത്തുന്ന ധാരാളം കുട്ടികൾ ഞങ്ങളുടെ സ്കൂളിലുണ്ട്. അവർക്ക് കൃത്യമായ പരിശീലനം നൽകാനുള്ള സംഗീത നൃത്ത കായിക അധ്യാപകരുടെ കുറവും പ്രധാന വെല്ലുവിളിയാണ്.എല്ലാ ക്ലാസ് മുറികളും ഹൈടെക് ആക്കുവാൻ നമുക്ക് സാധിച്ചിട്ടില്ല. അധ്യാപകർക്ക് സ്റ്റാഫ് റൂം ഇല്ല കുട്ടികളുടെ വർദ്ധനവ് ഇനിയും ഉണ്ടായാൽ അതനുസരിച്ചുള്ള ക്ലാസ് മുറികൾ നമുക്കില്ല. ഡൈനിങ് ഹാൾ നമുക്കുണ്ടെങ്കിലും അതിലേക്ക് ആവശ്യമായ ഫർണിച്ചറുകൾ ഇല്ല.കമ്പ്യൂട്ടർ ലാബ് ഉണ്ടെങ്കിലും ആവശ്യത്തിനുള്ള കമ്പ്യൂട്ടറുകളും ഫർണിച്ചറുകളും ഇല്ല

# വിദ്യാലയം മികവിന്റെ കേന്ദ്രം- കാഴ്ചപ്പാടിലൂടെ

നവകേരള മിഷന്റെ ഭാഗമായി ഗുണമേന്മയുള്ള വിദ്യാഭ്യാസം കുട്ടികൾക്ക് ലഭ്യമാക്കുന്നതിന് വേണ്ടി വിദ്യാഭ്യാസ അവകാശനിയമം നടപ്പിലാക്കി കൊണ്ടിരിക്കുകയാണ്. ഇതിന്റെ ഭാഗമായി കേരളത്തിലെ മുഴുവൻ വിദ്യാഭ്യാസ സ്ഥാപനങ്ങളും ശക്തിപ്പെടുത്തുക, മുഴുവൻ കുട്ടികളും പൊതു വിദ്യാഭ്യാസ സംവിധാനത്തെ പ്രയോജനപ്പെടുത്തുക എന്നതാണ് നവകേരള മിഷൻ ഏറ്റെടുത്തിട്ടുള്ള പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞം. വിദ്യാലയങ്ങൾ മികവിന്റെ കേന്ദ്രങ്ങൾ ആക്കുക എന്ന ലക്ഷ്യത്തോടെ എല്ലാവർക്കും തുല്യപങ്കാളിത്തം ഗുണനിലവാരം ഭൗതിക സാഹചര്യം അക്കാദമിക മികവ് എന്നിവയ്ക്ക് പ്രാധാന്യം നൽകണം. പാർശ്വവൽക്കരിക്കപ്പെട്ട ജനവിഭാഗങ്ങളിലെ വിദ്യാർത്ഥികൾ വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾ എന്നിവരുടെ ഉന്നമനത്തിനുവേണ്ടി കൂടുതൽ പ്രാധാന്യം നൽകണം. മെച്ചപ്പെട്ട വിദ്യാഭ്യാസത്തിനും കലാകായിക പ്രവർത്തനങ്ങൾ കിട്ടുന്നതിന് നഴ്സറി മുതൽ പഠന രീതി ശിശു കേന്ദ്രീകൃതമാക്കണം. അന്താരാഷ്ട്ര നിലവാരത്തിലുള്ള വിദ്യാഭ്യാസം നേടാൻ കുട്ടികൾക്ക് കഴിയുന്നുണ്ടെന്ന് ഉറപ്പുവരുത്തണം വിദ്യാലയം ഒരു പരിസരബന്ധിയും ജീവഗന്ധിയും ആക്കുവാൻ വിദ്യാലയങ്ങളിൽ ജൈവവൈവിധ്യ ഉദ്യാനം നനിർമിക്കണം. ഒന്നാം ക്ലാസ് മുതൽ വായനാ സംസ്കാരം വളർത്തിയെടുക്കുന്നതിന് വേണ്ടി സ്കൂൾ ലൈബ്രറി വിപുലീകരിക്കണം .ക്ലാസ്സ് ലൈബ്രറി പ്രോത്സാഹിപ്പിക്കണം. എല്ലാ കുട്ടികൾക്കും പരീക്ഷണങ്ങളിൽ ഏർപ്പെടാൻ കഴിയുന്ന തരത്തിലുള്ള എല്ലാവിധ സജ്ജീകരണങ്ങളോടുകൂടിയ സയൻസ് ലാബുകൾ വിദ്യാലയങ്ങളിൽ ഉണ്ടാകണം .കുട്ടികളുടെ സർഗാത്മകമായ കായികക്ഷമത വികസിപ്പിക്കുന്ന തരത്തിലുള്ള അവസരങ്ങൾ പഠനപ്രവർത്തനങ്ങളുടെ ഭാഗമായും അല്ലാതെയും ഉണ്ടാകണം .ഒന്നു മുതൽ എല്ലാ ക്ലാസുകളും ഹൈടെക് ആക്കുന്നതിന് ഐടി അധിഷ്ഠിത പഠന സാമഗ്രികൾ കുട്ടികളുടെ എണ്ണത്തിനനുസരിച്ച് ലഭ്യമാക്കണം. അധ്യാപകരെ പ്രോത്സാഹിപ്പിക്കുകയും വേണം .ഏറ്റവും മികച്ച വിദ്യാഭ്യാസം പൊതു വിദ്യാലയങ്ങളിൽ ലഭ്യമാക്കുന്ന തരത്തിൽ ഓരോ വിദ്യാലയവും മികവിന്റെ കേന്ദ്രങ്ങളായി മാറണം.

# പൊതു ലക്ഷ്യങ്ങൾ

* സ്കൂളിൽ എത്തിച്ചേരുന്ന എല്ലാ കുട്ടികൾക്കും അതാത് ക്ലാസിൽ നേടേണ്ട പഠനശേഷികൾ കൈവരിച്ചു എന്ന് ഉറപ്പുവരുത്തുക.

* ഓരോ വിദ്യാർത്ഥിക്കും വിദ്യാലയ അന്തരീക്ഷവും പഠനപ്രവർത്തനവും അങ്ങേയറ്റം ആസ്വാദകരമാക്കുക. .

* വിദ്യാലയങ്ങളിൽ കുട്ടികളുടെ പൂർണ പങ്കാളിത്തം ഉറപ്പാക്കാനുള്ള പ്രവർത്തനങ്ങൾ സംഘടിപ്പിക്കുക

* ഓരോ അധ്യാപികയും ആധുനിക സാങ്കേതികവിദ്യയുടെ സഹായത്താൽ നിരന്തരം അറിവുകൾ പുനർ നിർമ്മിക്കുക.

* വിദ്യാർത്ഥികൾ തമ്മിലും വിദ്യാർഥികളും അധ്യാപകരും തമ്മിലും അധ്യാപകർ തമ്മിലും അധ്യാപകരും സമൂഹവും തമ്മിലും ഊഷ്മളമായ ബന്ധങ്ങൾ ഉണ്ടാകാൻ ഉതകുന്ന പ്രവർത്തനങ്ങൾ സംഘടിപ്പിക്കുക.

* വിദ്യാർഥികൾക്ക് ക്ലാസ് മുറിയിലെ പഠനപ്രവർത്തനങ്ങൾക്ക് പുറമേ കലാകായിക പ്രവർത്തിപരിചയ പഠനപ്രവർത്തനങ്ങളിൽ സജീവമായി ഇടപെടുന്നതിനുള്ള സംവിധാനങ്ങൾ ഒരുക്കുക.പഠന വിഷയങ്ങളിൽ

* ആശയ ദൃഢത ഉണ്ടാകണം എല്ലാ കുട്ടികൾക്കും മലയാളം ഇംഗ്ലീഷ് എന്നീ ഭാഷകൾ വായിക്കാനും സംസാരിക്കാനും എഴുതാനുമുള്ള കഴിവ് ഉറപ്പുവരുത്തുക.

* ഓരോ വിദ്യാർത്ഥിയെയും ഒരു യൂണിറ്റായി കണ്ടുകൊണ്ട് അവരുടെ പരമാവധി വികാസം സാധ്യമാകുന്ന തരത്തിൽ വിദ്യാലയങ്ങളെ സജ്ജമാക്കുക. .

* പാർശ്വവൽക്കരിക്കപ്പെട്ടതും പ്രത്യേക പരിഗണന അർഹിക്കുന്നതുമായ കുട്ടികളുടെ അക്കാദമിക ഗുണനിലവാരം ഉറപ്പാക്കുന്നതിനുള്ള പ്രത്യേക പദ്ധതികൾ പദ്ധതികൾ ആസൂത്രണം ചെയ്യുക സ്കൂൾതലത്തിൽ കുട്ടികളുടെ കൊഴിഞ്ഞുപോക്ക് ഇല്ലാത്ത അവസ്ഥ ഉണ്ടാക്കുക

## അവസ്ഥാവിശകലനം

## കുട്ടികളുടെ എണ്ണം ക്ലാസ്സ് അടിസ്ഥാനത്തിൽ

| ക്ലാസ്സ് | 2025 -26 വർഷത്തെ കുട്ടികളുടെ എണ്ണം | | | എസ് സി കുട്ടികൾ | | CWSN | | എസ് ടി | | റിമാർക്സ് |
|---|---|---|---|---|---|---|---|---|---|---|
| | ആൺ | പെൺ | ആകെ | ആൺ | പെൺ | ആൺ | പെൺ | ആൺ | പെൺ | |
| 1 | 35 | 28 | 63 | 9 | 6 | | | | | |
| 2 | 19 | 18 | 37 | 3 | 5 | 2 | | | | |
| 3 | 26 | 11 | 37 | 4 | 4 | | | | | |
| 4 | 26 | 24 | 50 | 5 | 12 | | | | | |

## അക്കാദമിക നിലവാരം

| ക്ലാസ്സ് | ആകെ കുട്ടികൾ | 60% ത്തിന് മുകളിൽ മാർക്ക് കിട്ടിയവർ | ശതമാനം | ഏറ്റവും താഴ്ന്ന ഗ്രേഡ് നേടിയവർ | ശതമാനം | റിമാർക്സ് |
|---|---|---|---|---|---|---|
| 1 | 63 | 50 | 83 | 3 | 48 | |
| 2 | 37 | 29 | 78 | 4 | 10 | |
| 3 | 37 | 25 | 67 | 4 | 10 | |
| 4 | 50 | 39 | 78 | 7 | 14 | |

## പെൺകുട്ടികളുടെ നിലവാരം

| ക്ലാസ്സ് | പെൺകുട്ടികളുടെ എണ്ണം | 60% ത്തിന് മുകളിൽ മാർക്ക് കിട്ടിയവർ | ശതമാനം | ഏറ്റവും താഴ്ന്ന ഗ്രേഡ് നേടിയവർ | ശതമാനം | റിമാർക്സ് |
|---|---|---|---|---|---|---|
| 1 | 28 | 20 | 71 | 3 | 10 | |
| 2 | 18 | 15 | 83 | 4 | 22 | |
| 3 | 11 | 8 | 72 | 5 | 45 | |
| 4 | 24 | 20 | 83 | 5 | 20 | |

## SC/ST/OEC കുട്ടികളുടെ പഠനനിലവാരം

| ക്ലാസ്സ് | എസ് സി കുട്ടികളുടെ എണ്ണം | 60% ത്തിന് മുകളിൽ മാർക്ക് കിട്ടിയവർ | ശതമാനം | ഏറ്റവും താഴ്ന്ന ഗ്രേഡ് നേടിയവർ | ശതമാനം | റിമാർക്സ് |
|---|---|---|---|---|---|---|
| 1 | 15 | 11 | 73 | 1 | 66 | |
| 2 | 18 | 15 | 83 | 2 | 11 | |
| 3 | 8 | 6 | 75 | 2 | 25 | |
| 4 | 17 | 15 | 88 | 2 | | |

# അധ്യാപകർ

| ക്രമ നമ്പർ | പേര് | റിമാർക്സ് |
|---|---|---|
| 1 | സിനി.കെ.എസ് | പ്രധാനധ്യാപിക |
| 2 | പ്രസീന.യു.എഫ് | എൽ.പി.എസ്.എ. |
| 3 | സുമിത.കെ. | എൽ.പി.എസ്.എ. |
| 4 | ഭവ്യ.വി.ബി | എൽ.പി.എസ്.എ. |
| 5 | സിൽജി ജോസ് | എൽ.പി.എസ്.എ. |
| 6 | ഭവ്യ.പി.ഡി. | എൽ.പി.എസ്.എ. |
| 7 | ടിന്റു തോമസ് | എൽ.പി.എസ്.എ. |
| 8 | സുമ.കെ.കെ | എൽ.പി.എസ്.എ. |
| 9 | റീമ ജോയ് | എൽ.പി.എസ്.എ. |
| 10 | അംബിക | പി.ടി.സി.എം. |
| 11 | സന്ധ്യ.കെ.എസ് | പാചക തൊഴിലാളി |

## മേഖല: അക്കാദമികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | നിർവഹണ ചുമതല | സാമ്പത്തികം | റിമാർക്ക് |
|---|---|---|---|---|---|
| കുട്ടികളിലെസർഗാത്മകകഴിവുകൾവളർത്തൽ. | ഓരോ ആഴ്ചയും ക്ലാസ്സിൽ സർഗ്ഗ വേളനടത്തൽ മാസത്തിലൊരിക്കൽ സ്കൂൾ തലം സർഗ്ഗ വേള നടത്തൽ<br><br>ചിത്രരചന പരിശീലനം കരാട്ട പരിശീലനം ബാൻഡ്സെറ്റ്പരിശീലനംപ്രവർത്തിപരിചയ പരിശീലനം സ്കൂളിൽ ഒരു റേഡിയോ | ജൂൺ - മാർച്ച് | ക്ലാസ് അധ്യാപകർ<br><br>പരിശീലനം ലഭിച്ച അധ്യാപകർ | | |
| കുട്ടികൾക്ക്ഇതരഭാഷയിൽ പ്രാവീണ്യം നേടുന്നതിന്. | മുന്നാല് ക്ലാസ്സിൽ ഹിന്ദി പരിശീലനം ആഴ്ചയിലൊരിക്കൽ | | OTA | | |
| കുട്ടികളിൽ പൊതുവിജ്ഞാനംവളർത്തുന്നതിന്. | വിജ്ഞാന വേദി രൂപീകരണം മത്സരങ്ങൾ സംഘടിപ്പിക്കൽ | | വിജ്ഞാന വേദി ചുമതലപ്പെട്ട അധ്യാപിക | | |
| To enable the learners freely communicate in different context in day today life | * Simple reading card.<br>* Self-introduction and introduce others.<br>* English assembly once in a week.<br>* Story telling.<br>* Spoken English class.<br>* Compulsory English speaking in English class<br>* English club activities.<br>* Proper usage of ICT in English classroom.<br>* E cube language lab.<br>* Puzzles.<br>* English games in classroom activities.<br>* English magazine.<br>* Construction of English reading cards - workshop | | | | |

# മേഖല :അക്കാദമികം- ഭാഷാപ്രവർത്തനങ്ങൾ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | നിർവഹണ ചുമതല | സാമ്പത്തികം | റിമാർക്ക് |
|---|---|---|---|---|---|
| ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ മലയാളം ഇംഗ്ലീഷ് | പ്രീ - ടെസ്റ്റ് സ്കൂൾ തുറന്ന ആദ്യ ആഴ്ചയിൽ തന്നെ പിന്നോക്കക്കാരായ കുട്ടികളുടെ ഗ്രൂപ്പ് നിർമ്മാണം.<br>അക്ഷരം ഉറപ്പിക്കൽ അടയാളം ഉറപ്പിക്കൽ അക്ഷരകാർഡ്<br>അസംബ്ലിയിൽ വായന<br>( വായന കാർഡ്, ചെറുകഥകൾ)<br>വായന കാർഡ് നിർമ്മാണം-<br>ശില്പശാല.കഥാപറയൽ, ചിത്രം എഴുതൽ, അടിക്കുറിപ്പ്, കഥകൾ കഥാപുസ്തകം നൽകൽ, ബാക്കി എഴുതൽ<br>ICT സാധ്യത ചിത്രം കാണിച്ച് വാക്യങ്ങൾ എഴുതൽ, പ്രത്യേകം ക്ലാസ്സ്.<br>ഭാഷാ പരമായി പിന്നോക്കം നിൽക്കുന്നവർക്ക് C. W. S.N സചിത്ര നോട്ടുബുക്ക് | ജൂൺ ആദ്യവാരം<br><br>ഒക്ടോബർ നവംബർ | ക്ലാസ് അധ്യാപകർ<br><br>ക്ലാസ് അധ്യാപകർ<br><br>ക്ലാസ് അധ്യാപകർ | സ്പോൺസർ<br>പത്രം സ്പോൺസർ | |
| കുട്ടിയെ മികച്ചവായനക്കാരൻ ആക്കുക. കുട്ടിയുടെ നിലവാരം പരിഗണിച്ചുകൊണ്ടുള്ള വായനാസാമഗ്രികളുടെ ശേഖരണവും നിർമ്മാണവും. | ക്ലാസ് ലൈബ്രറി- ശാക്തീകരണം ഒരു കുട്ടി ഒരു പുസ്തകം ക്ലാസ് ലൈബ്രറിയിലേക്ക്.<br>ലൈബ്രറിയിലേക്ക് പുസ്തകശേഖരണംലൈബ്രറിയിലേക്ക് പുസ്തകശേഖരണം<br><br>ഇംഗ്ലീഷ് മലയാളം പത്രവായന അസംബ്ലിയിലും ക്ലാസ് മുറിയിലും. | ജൂൺ മൂന്നാം വാരം-<br><br>ജൂലൈ<br><br>ദീർഘകാലം | ക്ലാസ് അധ്യാപക | | |
| കുട്ടിയെ മികച്ച എഴുത്തുകാരൻ ആക്കുക. | *ഇ-വായന<br>* ഗ്രന്ഥശാലയിൽ അംഗത്വം<br>* വായന മത്സരം<br>*അമ്മ വായന<br>*സാഹിത്യകാരന്മാരുമായുള്ള അഭിമുഖം<br>*സംയുക്ത ഡയറി<br>*സ്കൂളിൽ എത്തിയാൽ ഉടൻ അഞ്ചുവാക്യങ്ങൾ ഓരോ കുട്ടിയും എഴുതുക<br>* കഥാകവിത രചന മത്സരം<br>* കഥയരങ്ങ് കവിയരങ്ങ് പ്രസംഗം<br>* സാഹിത്യകാരന്മാരെ കണ്ടെത്തി ക്ലാസ്സ് എടുത്ത് പരിശീലനം<br>*കുട്ടികളുടെ സ്വന്തം രചനകൾ പതിപ്പുകൾ നിർമ്മാണം | ദീർഘകാലം<br><br>ഡിസംബർ -മാർച്ച് | വിദ്യാരംഗം<br>ചുമതലപ്പെട്ട അധ്യാപിക | | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | നിർവഹണ ചുമതല | സാമ്പത്തികം | റിമാർക്സ് |
| --- | --- | --- | --- | --- | --- |
| കുട്ടികളെ ഈണം താളം ഭാവം ആശയം എന്നിവ പരിഗണിച്ച് വായിച്ച് ആസ്വദിക്കുന്നതിനും ആവിഷ്ക്കരിക്കുന്നതിനും പ്രാപ്തരാക്കുക | പാട്ടരങ്ങ്, ഏകദിന ശില്പശാല. സംഗീതോപകരണങ്ങളുടെ നിർമ്മാണം, പാട്ടങ്ങ് ൽ പാഠഭാഗങ്ങളിലെ പ്രവർത്തനങ്ങൾ ഉൾ ചേർത്ത് അവതരിപ്പിക്കൽ ഭാഷോത്സവത്തിന്റെ ഭാഗമായി പാട്ടങ്ങ് അവതരിപ്പിക്കൽ പുതിയ കവിതകൾ വായന കാർഡുകൾ ആക്കൽ | ജൂൺ 15 മുതൽ ഫെബ്രുവരി വരെ | ക്ലാസ് ടീച്ചർ എസ് ആർ ജി സി പി ടി എ | | |
| ഭാഷയിലെ പഠനം മുന്നേറ്റത്തിന് സംഗിതം ശ്രാവ്യ വായന ഭാവാത്മക വായന തുടങ്ങിയ സങ്കേതങ്ങൾ ഫലപ്രദമായി ഉപയോഗിക്കുന്നു | റീഡേഴ്സ് തിയേറ്റർ. പാഠപുസ്തകങ്ങളിലെയും ലഘുപാലസാഹിത്യകൃതികളിലെയും സന്ദർഭങ്ങളെ റീഡേഴ്സ് തിയേറ്ററിന്റെ ഭാഗമായി അവതരിപ്പിക്കും | ജൂൺ - ഫെബ്രുവരി | ക്ലാസ് ടീച്ചർ | | |
| കുട്ടികളെ ആശയ പൂർണ്ണതയോടെ തൽസമയ രചനകൾ നടത്താൻ പ്രാപ്തരാക്കുന്നു | ക്ലാസ് പത്രം എല്ലാ മാസവുംകൗതുകമുള്ള ഡയറിക്കുറിപ്പുകൾ ക്ലാസിൽ പങ്കുവെക്കുന്നു. സംയുക്ത ഡയറി SRG യിൽ അവതരണംഎന്റേ ഡയറിക്കുറിപ്പ് പുസ്തകരൂപത്തിലേക്ക് മാറ്റുന്നു. ഭാഷോത്സവം | | ക്ലാസ് ടീച്ചർ എസ് ആർ ജി | | |

# മേഖല :ശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | നിർവഹണ ചുമതല | സാമ്പത്തികം | റിമാർക്ക് |
|---|---|---|---|---|---|
| പരിസര പഠന പ്രവർത്തനങ്ങൾ ഫലപ്രദമാക്കുന്നതിനും പഠന നേട്ടങ്ങൾ ഉറപ്പിക്കുന്നതിനും എല്ലാ ക്ലാസ്സുകളിലും സയൻസ് കോർണർ ഉറപ്പാക്കൽ | ഓരോ ക്ലാസിനും ശാസ്ത്ര മൂല ക്രമീകരിക്കൽ<br>ഐസിടി സാധ്യതകൾ ഉപയോഗപ്പെടുത്തി വിവരങ്ങൾ ശേഖരിച്ച് ശാസ്ത്ര മൂലയിൽ പ്രദർശനം<br>ദിനാചരണത്തോടെ അനുബന്ധിച്ച് ശാസ്ത്രജ്ഞന്മാരുടെ ജീവചരിത്രങ്ങൾ ശേഖരിക്കൽ<br>ചിത്രങ്ങൾ ഒട്ടിക്കൽ | ജൂൺ -ജൂലൈ | ക്ലാസ് അധ്യാപകർ<br>പിടിഎ<br>എം പി ടി എ | | |
| കുട്ടികളിൽ നിരീക്ഷണ പാടവവും ശാസ്ത്ര ഭിരുചിയും വളർത്താൻ കണ്ടും അനുഭവിച്ചറിഞ്ഞും കൊണ്ടുള്ള പഠനത്തിന് പരിസര സൗഹൃദപരമായ ചുറ്റുപാട് ഒരുക്കൽ | വിവിധ ഔഷധസസ്യങ്ങളുടെയും പൂച്ചെടികളുടെയും ശേഖരണം<br>സസ്യങ്ങൾ വിദ്യാലയ പരിസരത്ത് നട്ടുവളർത്തൽ<br>നിരീക്ഷണ കുറിപ്പ് എഴുതൽ<br>എന്റെ പിറന്നാൾ എന്റെ ചെടി പദ്ധതി ആവിഷ്കാരം<br>ലഘു പരീക്ഷണങ്ങളിൽ ഏർപ്പെടൽ<br>ലിറ്റിൽസയന്റിസ്റ്റിനെ തിരഞ്ഞെടുക്കൽ<br>ശാസ്ത്ര പരീക്ഷണങ്ങൾ ബാലസഭയിൽ അവതരിപ്പിക്കൽ<br>ശാസ്ത്ര ക്വിസ് നടത്തൽ | | ക്ലാസ് അധ്യാപകർ<br>പിടിഎ<br>എം പി ടി എ | | |

# മേഖല :ഗണിതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | നിർവഹണ ചുമതല | സാമ്പത്തികം | റിമാർക്ക് |
|---|---|---|---|---|---|
| സംഖ്യാബോധം ഉറപ്പിക്കൽ | പ്രീ ടെസ്റ്റ് നടത്തൽ<br>സംഖ്യകൾ എണ്ണാനും എണ്ണിയെടുക്കാനും പറയാനും എഴുതാനും ഉതകുന്ന വിധത്തിലുള്ള കളികളിൽ ഏർപ്പെടൽ<br>സംഖ്യ മാല, സംഖ്യാ കാർഡ്, പാറ്റേൺ എന്നിവയുടെ രൂപീകരണം | 3മാസം | ക്ലാസ് അധ്യാപകർ<br>രക്ഷിതാക്കൾ<br>കുട്ടികൾ<br>ക്ലാസ്അധ്യാപകർ | | |
| ചതുഷ്ക്രിയകൾ ഉറപ്പിക്കൽ | ഉല്ലാസ ഗണിതം<br>പ്രവർത്തനങ്ങൾ നിത്യ ജീവിതവുമായി ബന്ധപ്പെട്ട പ്രായോഗിക പ്രശ്നങ്ങൾ നിർദ്ധാരണം ചെയ്യൽ<br>ഗണിത മൂല, ഗണിത ലാബ്, ഗണിത കിറ്റ് എന്നിവയുടെ നവീകരണം<br>വിവിധ കളികൾ | 3മാസം | അധ്യാപകർ<br>ബി ആർ സി | | |
| മെട്രിക് അളവുകൾ (സമയം കലണ്ടർ) | മെട്രിക് അളവുകളുടെ നിർമ്മാണം, പ്രദർശനം, വിദഗ്ദരായവരെ കൊണ്ട് ക്ലാസ്സ് എടുപ്പിക്കൽ | 3മാസം | അധ്യാപകർ<br>രക്ഷിതാക്കൾ<br>ബി ആർ സി | | |
| ജ്യാമിതീയ രൂപങ്ങൾ ഉറപ്പിക്കൽ | ജ്യാമിതീയ രൂപങ്ങളുടെ തിരിച്ചറിയൽ നിർമ്മാണം, പ്രദർശനം | 1മാസം | | | |
| ഭിന്നസംഖ്യകൾ പരിചയപ്പെടൽ | കഥകൾ<br>കവിതകൾ<br>കളികൾ<br>ഐ.സി.ടി | | അധ്യാപകർ<br>എസ് ആർ ജി | | |
| ഗണിത ലാബ് വിപുലപ്പെടുത്തൽ | പുസ്തകങ്ങൾ, രൂപങ്ങൾ, പസിലുകൾ, കളിയുപകരണങ്ങൾ, കമ്പ്യൂട്ടർ, വിവിധ മോഡലുകൾ, ശേഖരണങ്ങൾ. | 6മാസം | അധ്യാപകർ<br>പിടിഎ | | |

# മേഖല :സാമൂഹ്യശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | നിർവഹണ ചുമതല | സാമ്പത്തികം | റിമാർക്ക് |
|---|---|---|---|---|---|
| പ്രകൃതി സ്നേഹത്തിൽ ഊന്നിക്കൊണ്ടുള്ള പരിസര പഠന സമീപനം പ്രകൃതി സംരക്ഷണത്തിന്റെ ആവശ്യകത ബോധ്യപ്പെടുത്തൽ | പ്രകൃതി നടത്തം<br>സ്കൂളും പരിസരവും<br>നിരീക്ഷണവും<br>ശേഖരണവും<br>വേരുകൾ വിത്തുകൾ<br>തൂവലുകൾ ഇലകൾ<br>മുളക്കുന്ന വിത്തുകൾ<br>ആൽബനിർമാണം<br>കൃഷി സ്ഥലം നിരീക്ഷണം<br>കൃഷിയുടെ വിവിധ<br>ഘട്ടങ്ങൾ സ്ഥലം<br>തിരുമാനിക്കൽ<br>കർഷകരുമായി അഭിമുഖം<br>ചരിത്രസ്മാരക സന്ദർശനം<br>സ്വന്തം പഞ്ചായത്തിലെ<br>പൊതുസ്ഥാപനങ്ങൾ<br>സന്ദർശനം<br>വിവരശേഖരണം<br>ഫീൽഡ് ട്രിപ്പ്<br>ജലസംരക്ഷണം<br>ആവശ്യകത വനങ്ങളുടെ<br>പ്രാധാന്യം ഊർജ്ജ<br>സംരക്ഷണം<br>അണക്കെട്ടുകൾ നദികൾ<br>സാമൂഹ്യശാസ്ത്ര ക്ലബ്ബ് | വർഷം മുഴുവൻ | ക്ലാസ് അധ്യാപകർ<br>പിടിഎ<br>എം പി ടി എ<br>ക്ലാസ് അധ്യാപകർ<br>പിടിഎ | | |

| മേഖല : കല | | | | | |
|---|---|---|---|---|---|
| **ലക്ഷ്യം** | **പ്രവർത്തനങ്ങൾ** | **കാലയളവ്** | **നിർവഹണ ചുമതല** | **സാമ്പത്തികം** | **റിമാർക്സ്** |
| കുട്ടികളിൽ കലാഭിരുചി വളർത്തുന്നതിന് (പാട്ട്, നൃത്തം, എഴുത്ത്) | കുട്ടികളുടെ കഴിവുകൾ അവതരിപ്പിക്കാൻ അവസരം | ജൂൺ | പ്രധാന അധ്യാപിക<br>അധ്യാപകർ<br>എസ് ആർ ജി | അധ്യാപകർ | |
| പാട്ടരങ്ങ് | മികച്ചവ തിരഞ്ഞെടുത്ത് ബാലസഭയിൽ അവതരണവും താളം അനുസരിച്ച് ചുവടുവെക്കാനും | ജൂൺ– ജൂലൈ | ക്ലാസ്സ് അധ്യാപകർ | | |
| റീഡേഴ്സ് തിയ്യറ്റർ | ലളിതമായ വായനാ കാർഡുകൾ, കഥകൾ വായിക്കുന്നു. | ജൂൺ – ജനുവരി | ക്ലാസ്സ് അധ്യാപകർ | | |
| കഥാവേള | വേദികളിൽ സ്വതന്ത്രമായി കഥ പറയുന്നു. | ഒക്ടോബർ | | | |

| | | | | | |
|---|---|---|---|---|---|
| രചനോത്സവം | ചിത്രത്തെ ആസ്പദമാക്കി കുട്ടി കഥ എഴുതുന്നു. പ്രകാശനം ചെയ്യുന്നു. കുട്ടികൾ നിർമ്മിച്ച കഥകൾ അവർ തന്നെ വായിക്കുന്നു. നവമാധ്യമങ്ങളുടെ കൂടെ പങ്കിടുന്നു. | ഡിസംബർ<br>ജനുവരി<br>ഫെബ്രുവരി | ക്ലാസ്സ് അധ്യാപിക<br>എസ് ആർ ജി | അധ്യാപകൻ | |
| കവിതോത്സവം<br>രഥോത്സവം | വിദ്യാലയവുമായി ബന്ധപ്പെടുത്താവുന്ന കലാകാരന്മാരെ കണ്ടെത്തൽ<br><br>പി.ടി.എ. യിലുള്ള കലാഭിരുചിയുള്ള രക്ഷാതാക്കളുടെ സഹായം തേടൽ<br><br>ഐ.ടി. സാധ്യത പ്രയോജനപ്പെടുത്തൽ<br><br>കലാമത്സരങ്ങളിൽ പങ്കെടുപ്പിക്കൽ (കലാമേള) | ജനുവരി<br>ഫെബ്രുവരി | പ്രധാന<br>അധ്യാപിക<br>പി.ടി.എ. | പി.ടി.എ | |

| മേഖല : ആരോഗ്യം | | | | | |
|---|---|---|---|---|---|
| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | നിർവഹണ ചുമതല | സാമ്പത്തികം | റിമാർക്സ് |
| സംഗീതത്തിന്റെ അകമ്പടിയാടെ വ്യത്യസ്ത വ്യായാമങ്ങളിൽ സംഘമായി ഏർപ്പെടുന്നു. | സൂംബാ<br>ഐ.ടി. സാധ്യത ഉപയോഗ പ്പെടു ത്തുന്നു. (ക്ലാസ്സ് തല ത്തിലും സ്കൂൾതലത്തിലും) | ജൂൺ – മാർച്ച് | ക്ലാസ്സ് അധ്യാപകർ | | |
| കുട്ടികളുടെ കായികപരമായ കഴിവുകൾ വികസിപ്പിക്കൽ | സ്കൂൾ തലത്തിൽ കായിക മത്സരം നടത്തി വിജയികളെ കണ്ടെത്തൽ.<br>കായികത്തിനായി പീരിയഡ് നീക്കിവെക്കൽ. യോഗ ക്ലാസ്സ് സംഘടിപ്പിക്കൽ. ബാന്റ് സെറ്റ് പരിശീലനം | അധ്യയന വർഷം | പി.ടി.എ.<br>അധ്യാപകർ<br>ബി.ആർ.സി. | | |
| ആരോഗ്യമുള്ള കുട്ടികളെ വാർത്തെടുക്കൽ | ഹെൽത്ത് സെന്ററിന്റെ സഹായം ഓരോ ക്ലാസ്സി ലെയും കുട്ടികളുടെ ശുചിത്വം | | | | |

| | | | | | |
|---|---|---|---|---|---|
| വ്യക്തി<br>ശുചിത്വം<br>പാലിക്കു<br>ന്നതിന്<br>ശരിയായ<br>ഭക്ഷണ<br>ശീലങ്ങൾ<br>പിന്തുടരു<br>ന്നതിന്<br>കഴിയുന്നു | ഉറപ്പുവരുത്തുന്നതിനായി ശുചിത്വ രജിസ്റ്റർ സൂക്ഷിക്കുക<br><br>അധ്യാപകരുടെയും കുട്ടികളുടെയും സഹകരണത്തോടെ ക്ലാസ്സും പരിസരവും ശുചിയാക്കുക, ഡ്രൈഡേ ആചരണം.<br><br>കുട്ടികളുടെ തൂക്കവും ഉയരവും അളന്ന് പോഷക കുറവുള്ള കുട്ടികളെ കണ്ടെത്തി പരിഹാര പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യൽ<br><br>ഹെൽത്ത് ക്ലബ് രൂപീകരണം<br><br>ബോധവൽകരണം<br>ഭക്ഷ്യമേള | ജൂലൈ | ചാർജ്ജുള്ള<br>അധ്യാപിക<br><br>ക്ലാസ്സ്<br>അധ്യാപകർ | | |

## മേഖല : കൃഷി - പരിസ്ഥിതി - സൗന്ദര്യവൽക്കരണം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | നിർവഹണ ചുമതല | സാമ്പത്തികം | റിമാർക്സ് |
|---|---|---|---|---|---|
| 1 കൃഷിയോടും കർഷകനോടും കുട്ടികളിൽ അനുകൂല ഭാവം ഉണ്ടാക്കൽ<br><br>2 വിവിധ തരം കൃഷി കളെ കുറിച്ച് അറിയുന്നതിന്<br><br>3 വിവിധ തരം കൃഷി രീതികളെക്കുറിച്ച് അറിയുന്നതിന്<br><br>4 കാർഷിക ഉപകരണങ്ങൾ കാണുന്നതിനും അവയുടെ ഉപയോഗങ്ങൾ മനസ്സിലാക്കുന്നതിന്. | ജൂൺ 5 -പരിസ്ഥിതി ദിനാചരണം; ക്വിസ് പോസ്റ്റർ നിർമ്മാണം , വൃക്ഷത്തൈ നടൽ.<br><br>രക്ഷിതാക്കളുടെ കാർഷിക ക്ലബ് രൂപീകരണം കാർഷിക ഉപകരണങ്ങൾ വാങ്ങൽ.<br><br>അടുക്കളത്തോട്ടം നിർമ്മാണം.<br>പൂന്തോട്ടം നിർമാണം<br><br>വൃക്ഷത്തൈ വിതരണം, പരിപാലനം<br>മാലിന്യം തരം തിരിച്ച് ശേഖരിക്കൽ<br><br>ബയോഗ്യാസ് പ്ലാൻറ്പുനരുജ്ജീവിപ്പിക്കൽ. | വർഷം മുഴുവൻ | ക്ലാസ് അധ്യാപകർ<br><br>കാർഷിക ക്ലബ് ചുമതലയുള്ള ടീച്ചർ.<br><br>കാർഷിക ക്ലബ് അംഗങ്ങൾ.<br><br>മുതിർന്നവരുടെയും കുട്ടികളുടെയും കാർഷിക ക്ലബ് അംഗങ്ങൾ .<br><br>മുതിർന്നവരുടെയും കുട്ടികളുടെയും കാർഷിക | സ്റ്റാഫ് ഫണ്ട്.<br><br>പിടിഎ കൃഷിവകുപ്പ് സാമൂഹികമായി കണ്ടെത്തുന്നു ആലപ്പാട് സഹകരണ ബാങ്ക്<br><br>ഗ്രാമ പഞ്ചായത്ത്<br><br>ഗ്രാമ പഞ്ചായത്ത് | |

## <u>മേഖല : സാമൂഹികം- ജനകീയം</u>

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | നിർവഹണ ചുമതല | സാമ്പത്തികം | റിമാർക്ക് |
|---|---|---|---|---|---|
| ഓരോ ക്ലാസും സ്വയം പര്യാപ്തമാക്കുക | എല്ലാ മാസവും അഞ്ചാം തീയതിക്കുള്ളിൽ സി പി ടി എ കൂടുക | മാസത്തിൽ | അധ്യാപകർ | | |
| | ഓരോ ക്ലാസിലും 38 ഇനം അവശ്യവസ്തുക്കളുടെ സമാഹരണം | | | പൊതുജനം, ഒ എസ് എ, എം പി ടി എ | |
| | മാസത്തിൽ ഒരു ദിവസം ഏതെങ്കിലും ഒരു മേഖലയിലെ വിദഗ്ധരുടെ ക്ലാസ് | | എസ് ആർ ജി വിദഗ്ധർ | പി ടി എ | |
| | ബോണസ്, സമ്മാന പെരുമഴ, ഫീൽഡ് ട്രിപ്പ് | ക്ലാസ് തലം ആഴ്ചയിൽ<br>സ്കൂൾ തലം മാസത്തിൽ | അധ്യാപകർ, പിടിഎ, | പി ടി എ | |
| | സ്കൂൾ ഡെവലപ്മെന്റ് കമ്മിറ്റി രൂപീകരിച്ചുകൊണ്ടുള്ള പുരോഗമന പ്രവർത്തനങ്ങൾ | പാഠഭാഗവുമായി ബന്ധപ്പെട്ട അവസരത്തിൽ ഒരു വർഷം | അധ്യാപകർ, പിടിഎ, എം പി ടി , പ്രധാന അധ്യാപിക | പി ടി എ | |

# ഉപസംഹാരം

പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി തയ്യാറാക്കിയമാസ്റ്റർ പ്ലാൻ കൃത്യമായി നടപ്പാക്കുന്നതോടെ നമ്മുടെ സ്കൂളിലെ ഓരോകുട്ടിയുടെയും സർവ്വതോൻമുഖമായ വികാസം സാധ്യമാകും. എല്ലാവിദ്യാർത്ഥികളുടെയും അഭിരുചികൾ കണ്ടെത്താനും അവർഅർഹിക്കപ്പെട്ട ജീവിതം നേടുവാനും വിദ്യാർത്ഥികളെ സജ്ജമാക്കാനുംനമുക്കു സാധിക്കും